(ബി)

- മഴവെള്ളം സംഭരിച്ചുപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക.
- കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക.
- വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കുക.
- മഴവെള്ളം സംഭരിച്ച് ജലാശയങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക.

(സി) കേന്ദ്ര ഏജൻസികൾക്ക് ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധമില്ല. പകരം ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ കെ.ആർ.ഡബ്ല്യു.എസ്.എ. മഴകേന്ദ്രം, ജലശ്രീ-സി.സി.ഡി.യു. എന്നിവ സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്നു.

(ഡി) കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം, സി.സി.ഡി.യു. ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ സംവിധാനങ്ങളും ഏകോപനവുമാണ് പദ്ധതി നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ളത്.

വിവിധതരം പനികൾ

10 (*370) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :

<u>ശ്രീ. ബി. ഡി. ദേവസ്സി</u> :

<u>ഡോ. കെ. ടി. ജലീൽ</u> :

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആയിരക്കണക്കിന് ആളുകളുടെ മരണത്തിന് കാരണമായ കാലാ അസർ എന്ന മാരക പനി സംസ്ഥാനത്ത് സ്ഥിരീകരിച്ചതിന്റെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെള്ളുപനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളും വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(സി) വിവിധതരം മാരകപനികൾക്കെതിരെയുള്ള നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(ഡി) ചികിത്സയ്ക്കും പ്രതിരോധത്തിനുമായി ഏർപ്പെടുത്തിയ അധിക സൗകര്യങ്ങൾ അറിയിക്കുമോ ;

(ഇ) മാലിന്യ നിർമ്മാർജ്ജനത്തിൽ വരുത്തിയ വീഴ്ചയാണ് വിവിധതരം പകർച്ചപ്പനിയുടെ വ്യാപനത്തിന് കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>) :

(എ) മലപ്പുറം ജില്ലയിൽ 2 പേർക്കും തൃശ്ശൂർ ജില്ലയിൽ ഒരാൾക്കുമാണ് ഈ വർഷം കാലാ അസർ സ്ഥിരീകരിച്ചത്. രോഗം പിടിപെട്ട മൂന്നുപേർക്കും ശരിയായ ചികിത്സ നൽകുകയും രോഗം ഭേദപ്പെടുത്തുകയും ചെയ്തു. രോഗംവന്ന പ്രദേശങ്ങളിൽ അതാത് ജില്ലകളിലെ പൊതുജനാരോഗ്യ ടീമും സംസ്ഥാന പൊതുജനാരോഗ്യ ടീമും സന്ദർശിച്ച് രോഗ നിരീക്ഷണം, രോഗം പരത്തുന്ന മണലീച്ച (സാൻഡ് ഫ്ലൈ) നിരീക്ഷണം, ബോധവൽക്കരണം തുടങ്ങിയവയും മണലീച്ചകളെ നശിപ്പിക്കുന്നതിന് വീടുകളിലെ ചുവരുകളിൽ കീടനാശിനി സ്പ്രേയിംഗ് നടത്തുകയും ചെയ്തു. ദേശീയ രോഗ നിയന്ത്രണ കേന്ദ്ര (എൻ.സി.ഡി.സി.) ത്തിലെ വിദഗ്ധരും സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു രോഗവ്യാപനം തടഞ്ഞു.

(ബി) ചെള്ളുപനി തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോഴിക്കോട്, വയനാട് ജില്ലകളിലും ഒറ്റപ്പെട്ട കേസുകൾ ഉണ്ട്. ഡെങ്കിപ്പനി ഈ വർഷം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേതുപോലെ മുൻവർഷത്തേക്കാൾ വർദ്ധിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിരുന്നു. കൂടുതലായി ലഭിച്ച വേനൽ മഴയും ഇതിന് മറ്റൊരു കാരണമാണ്. തിരുവനന്തപുരം, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, എറണാകുളം, പത്തനംതിട്ട ജില്ലകളിലാണ് കൂടുതൽ ഉള്ളത്. ഇടുക്കി, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലകളിലും ചില സ്ഥലങ്ങളിൽ ഈ രോഗം ഉണ്ടായിട്ടുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങളും രോഗം പൊട്ടിപ്പുറപ്പെട്ട സ്ഥലങ്ങളിൽ ഊർജ്ജിതമായ നിയന്ത്രണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ജൂലായ് ആയപ്പോഴേയ്ക്കും ചെള്ളുപനിയും ഡെങ്കിപ്പനിയും കുറയുന്ന പ്രവണതയാണ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും വ്യക്തവും സമഗ്രവും സമയബന്ധിതവുമായ ഒരു വാർഷിക കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. അതുകൊണ്ട് തന്നെ വർദ്ധിച്ച തോതിലുള്ള രോഗ വ്യാപനവും മരണനിരക്കും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) രോഗപ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി യോജിച്ച് മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നശീകരണ കാമ്പെയിനുകൾ, ജല ശുദ്ധീകരണ കാമ്പെയിൻ തുടങ്ങിയവ നടത്തി. ആരോഗ്യ സന്ദേശ യാത്ര, സേഫ് കേരള കാമ്പെയിൻ, ജാഗ്രത തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. രോഗ നിരീക്ഷണം കാര്യക്ഷമമാക്കി രോഗം എത്രയും പെട്ടെന്ന് കണ്ടുപിടിച്ച് ഫലപ്രദ നിയന്ത്രണം നടത്തിവരുന്നു. പകർച്ചവ്യാധി ചികിത്സയ്ക്കാവശ്യമായ മരുന്നും അനുബന്ധ സാമഗ്രികളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കി. ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയോഗിച്ചു. രോഗ ചികിത്സാ മാർഗ്ഗരേഖകൾ എല്ലാ ഡോക്ടർമാർക്കും എത്തിച്ചു. ആവശ്യാനുസരണം പനി വാർഡുകൾ, പനി ക്ലിനിക്കുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സജ്ജീകരിച്ച് ശരിയായ ചികിത്സ ഉറപ്പാക്കി.

(ഇ) ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും വൈറസ് ഉൾപ്പെടെയുള്ള രോഗാണുക്കൾക്ക് മാറ്റങ്ങൾ സംഭവിക്കുന്നതുമൂലവുമാണ് ഓരോ വർഷവും ഓരോ സീസണിൽ പനി ഏറിയും കുറഞ്ഞും ഉണ്ടാകുന്നത്. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമല്ലെങ്കിൽ പകർച്ചപ്പനിയുടെ നിരക്ക് കൂടാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയാണ് ആരോഗ്യവകുപ്പ് ഇതര വകുപ്പുകളായ പഞ്ചായത്ത്, നഗരകാര്യ വകുപ്പുകളും, ശുചിത്വ മിഷനുമായി ചേർന്ന് മഴക്കാല പൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മഴക്കാല പൂർവ്വ ശുചീകരണത്തിലൂടെയും കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പെയിനുകളിലൂടെയും സേഫ് കേരള ക്യാമ്പെയിനുകളിലൂടെയും മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ട്. വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾക്ക് ഫണ്ട് ലഭ്യമാക്കി അതിന്റെ ഒരു വിഹിതവും ശുചീകരണത്തിന് ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly